പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1961.** **11/06/2018-ന് മറുപടിക്ക്**

## ഭരണഭാഷ മലയാളമാക്കുന്നതിനുള്ള നടപടികൾ

**ചോദ്യം**

**ശ്രീ.എ.പി. അനിൽകുമാർ**

**ഉത്തരം**

**പിണറായി വിജയൻ**

**(മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| (എ) | ഭരണഭാഷ മലയാളമാക്കുന്നതിന്റെ ഭാഗമായി ഈ സർക്കാർ എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കുമോ; | (എ) | ഇതുവരെ മലയാളം ഔദ്യോഗികഭാഷയാക്കിയിട്ടില്ലാത്ത എല്ലാ വകുപ്പുകളിലും സെക്രട്ടേറിയറ്റിലെ അവയുടെ ഭരണ വകുപ്പുകളിലും ഇനി രൂപവൽക്കരിക്കപ്പെടുന്ന എല്ലാ വകുപ്പുകളിലും, സർക്കാർ/ അർദ്ധസർക്കാർ/ സ്വയംഭരണ/ പൊതുമേഖല/ സഹകരണ/ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നിയമപരമായി ഇംഗ്ലീഷും സംസ്ഥാനത്തെ ന്യൂനപക്ഷ ഭാഷകളായ തമിഴും കന്നഡയും ഔദ്യോഗികഭാഷയായി ഉപയോഗിക്കാൻ അനുവദിച്ചിട്ടുള്ള പ്രത്യേക സാഹചര്യങ്ങളിലൊഴികെ എല്ലാ ഔദ്യോഗികാവശ്യങ്ങൾക്കും മലയാളം ഉപയോഗിക്കേണ്ടതാണെന്ന് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത നിർദ്ദേശം പൂർണ്ണമായും നടപ്പിൽ വരുത്തുന്നതിനു വേണ്ടി എല്ലാ ഔദ്യോഗികാവശ്യങ്ങൾക്കും **2017 മെയ്-1** മുതൽ നിർബന്ധമായും മലയാളം മാത്രമേ ഉപയോഗിക്കാവൂ എന്ന് നിഷ്കർഷിച്ചുകൊണ്ട് ബഹു.മുഖ്യമന്ത്രി ഭരണഭാഷാ പ്രഖ്യാപനം നടത്തിയിട്ടുണ്ട്.<br>ഭരണഭാഷാമാറ്റ നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി ഭരണഭാഷാ വർഷാഘോഷം ദീർഘിപ്പിക്കുകയുണ്ടായി. ഈ |

| | | | |
|---|---|---|---|
| | | | കാലയളവിൽ വിവിധ വകുപ്പുകളും സ്ഥാപനങ്ങളും ഭരണഭാഷാ വ്യാപനത്തിനായി പ്രത്യേക കർമ്മപരിപാടി തയ്യാറാക്കി നടപ്പിലാക്കണമെന്ന് നിർദ്ദേശം നൽകുകയും കർമ്മ പരിപാടിയുടെ മാതൃക ഔദ്യോഗികഭാഷാവകുപ്പ് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. യൂണിക്കോഡ് അധിഷ്ഠിത ഫോണ്ടിൽ മലയാളം കമ്പ്യൂട്ടിങ്ങ് പരിശീലനം, ഭരണഭാഷാപരിശീലനം, കോഡുകളും മാന്വലുകളും പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിക്കൽ, ഭരണഭാഷാപ്രചാരണം, ബോർഡുകൾ മലയാളത്തിലാക്കൽ, വെബ്സൈറ്റിലെ വിവരം മലയാളത്തിൽ കൂടി ലഭ്യമാക്കൽ തുടങ്ങിയ കാര്യങ്ങൾക്ക് പ്രത്യേക ഊന്നൽ നൽകിക്കൊണ്ടാണ് കർമ്മപരിപാടി രൂപപ്പെടുത്തിയത്. കൂടാതെ പ്രസ്തുത പരിപാടി നടപ്പിലാക്കുന്നതിനായി ഓരോ വകുപ്പിലും ഏകോപനാധികാരിയെ നിയോഗിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.<br>ഭരണ രംഗത്ത് മലയാളത്തിന്റെ ഉപയോഗം വ്യാപിപ്പിക്കുന്നതിനുവേണ്ടി സർക്കാർ ഉദ്യോഗസ്ഥർക്ക് പ്രോത്സാഹനമായി വിവിധ തലത്തിൽ ഭരണഭാഷാ പുരസ്കാരങ്ങൾ ഏർപ്പെടുത്തിയിരുന്നത് ക്ലാസ് I, II വിഭാഗങ്ങൾക്കും ബാധകമാക്കി. കൂടാതെ മികച്ച ഭാഷാമാറ്റപുരോഗതി കൈവരിക്കുന്ന ജില്ലയ്ക്കും വകുപ്പിനും ഭരണഭാഷാപുരസ്കാരം ഏർപ്പെടുത്തിയിട്ടുണ്ട്.<br>ഭരണഭാഷ സംബന്ധിച്ച് ജില്ലാ ഓഫീസർമാർക്കുള്ള സംശയങ്ങൾ ദൂരീകരിക്കുന്നതിനും ഭരണഭാഷാ വ്യാപനത്തിന്റെ പ്രാധാന്യം ഉദ്ബോധിപ്പിക്കുന്നതിനുമായി |

| | | | |
|---|---|---|---|
| | | | ജില്ലാതല ഭരണഭാഷാവബോധ പരിപാടി മലപ്പുറം, കണ്ണൂർ, കൊല്ലം, കോട്ടയം കോഴിക്കോട്, കാസർഗോഡ് ജില്ലകളിലും കോഴിക്കോട് സർവ്വകലാശാലയിലും സംഘടിപ്പിച്ചിട്ടുണ്ട്.<br>ഭരണഭാഷയായി മലയാളം ഉപയോഗിക്കുന്നതിനു സഹായകമായ രീതിയിൽ 'ഭരണമലയാളം' എന്ന പേരിൽ ഔദ്യോഗികഭാഷാവകുപ്പ് ഒരു ഓൺലൈൻ നിഘണ്ടു തയ്യാറാക്കി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത ഓൺലൈൻ നിഘണ്ടുവിൽ, ഭരണരംഗത്തു_ പയോഗിക്കുന്ന ഇരുപതിനായിരത്തോളം പദങ്ങളും പ്രയോഗങ്ങളും അവയുടെ നിരവധി മലയാളരൂപങ്ങളും ഉൾക്കൊള്ളിച്ചിട്ടുണ്ട്. പ്രസ്തുത നിഘണ്ടു glossary.kerala. gov.in ഡൊമെയ്ൻ വിലാസത്തിൽ ലഭ്യമാണ്. ഭരണഭാഷ സംബന്ധിച്ച 'ഭരണമലയാളം' മൊബൈൽ ആപ്ലിക്കേഷൻ ഗൂഗിൾ പ്ലേസ്റ്റോറിൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്നതാണ്. കൂടാതെ ഭരണഭാഷ മലയാളമായി ഉപയോഗിക്കുന്നതിന് സഹായകമായ രീതിയിൽ 'ഭരണഭാഷാ പഠനപദ്ധതി' എന്ന പുസ്തകം ഔദ്യോഗിക-ഭാഷാവകുപ്പ് പുനഃപ്രസിദ്ധീകരിച്ചിട്ടുമുണ്ട്.<br>സംസ്ഥാനത്തെ ജീവനക്കാർക്കെതിരെയുള്ള അച്ചടക്കനടപടിക്രമങ്ങൾ, ജീവനക്കാർക്കു നൽകുന്ന മെമ്മോകൾ, ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം, സ്ഥാനക്കയറ്റം, നിയമന ഉത്തരവുകൾ എന്നിവ ഉൾപ്പെടെയുള്ള സർവ്വീസ് സംബന്ധിച്ച വിഷയങ്ങൾ മലയാളത്തിലായിരിക്കണമെന്നു നിർദ്ദേശിച്ചു കൊണ്ടും ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | വിവിധ സർക്കാർ വകുപ്പുകൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന ഫാറങ്ങളും സർട്ടിഫിക്കറ്റുകളും ദ്വിഭാഷ രീതിയിലായിരിക്കണമെന്നും ഇതിനായി അതത് വകുപ്പുകളുമായി ബന്ധപ്പെട്ട് സോഫ്റ്റ് വെയറിൽ ആവശ്യമായ മാറ്റം വരുത്തേണ്ടതുണ്ടെന്നും നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ എല്ലാ സർക്കാർ/അർദ്ധസർക്കാർ/ പൊതുമേഖലാ/ സ്വയംഭരണ/ സഹകരണ സ്ഥാപനങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും വ്യക്തിഗത രജിസ്റ്റർ (പേഴ്സണൽ രജിസ്റ്റർ), ഹാജർ പുസ്തകം ആകസ്മികാവധി രജിസ്റ്റർ, വിവിധ തരത്തിലുള്ള അപേക്ഷാ ഫാറങ്ങൾ ( അവധി അപേക്ഷ ഉൾപ്പെടെ) എന്നിവയെല്ലാം പൂർണ്ണമായും മലയാളത്തിൽ അച്ചടിച്ച് വിതരണം ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | സർക്കാർ. പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ എല്ലാ രജിസ്റ്ററുകളും, ഹാജർ പുസ്തകവും, അവധി രജിസ്റ്ററുകളും മലയാളത്തിലാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ജീവനക്കാർക്കെതിരെ സ്വീകരിക്കുന്ന ശിക്ഷാ നടപടികൾ സംബന്ധിച്ച കാര്യങ്ങളും, സ്ഥാനക്കയറ്റം, സ്ഥലമാറ്റം തുടങ്ങിയ ഉത്തരവുകളും മലയാളത്തിൽ ആക്കുന്നതിന് നൽകിയ നിർദ്ദേശം പൂർണ്ണതോതിൽ | (സി) | സെക്രട്ടേറിയറ്റ് ഉൾപ്പെടെയുള്ള സർക്കാർ/ അർദ്ധസർക്കാർ/പൊതുമേഖല/സ്വയംഭരണ/ സഹകരണസ്ഥാപനങ്ങളിലെ ജീവനക്കാർ-ക്കെതിരെയുള്ള അച്ചടക്ക നടപടിക്രമങ്ങൾ, സർവ്വീസ് സംബന്ധമായ വിഷയങ്ങൾ തുടങ്ങിയവ പൂർണ്ണമായും |

| | | | |
|---|---|---|---|
| | [illegible] | | [illegible] നിർദ്ദേശം |
| | ഇല്ലെങ്കിൽ ഇതിനായി കർശന നിർദ്ദേശം നൽകുമോ ; | | നൽകി ഉത്തരവ് പുറപ്പെട്ടുവിച്ചിട്ടുണ്ട്. |
| (ഡി) | സാധാരണക്കാർ കൂടുതലായി ആശ്രയിക്കുന്ന വില്ലേജ്, പഞ്ചായത്ത് തുടങ്ങിയ ഓഫീസുകളിലെ നടപടികൾ പൂർണ്ണതോതിൽ മലയാളത്തിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | | ഉണ്ട്, പഞ്ചായത്ത് വകുപ്പിൽ 01/08/1985-ലെ 7223/ഔ.ഭാ.3/83/ഉ.ഭ.പ.വ നം. വിജ്ഞാപന-പ്രകാരവും. റവന്യൂ വകുപ്പിൽ 06/10/1989-ലെ 5909/ഔ.ഭാ.3/88/ഉ.ഭ.പ.വ വിജ്ഞാനപ്രകാരവും ഔദ്യോഗികഭാഷ മലയാളമാക്കിയിട്ടുണ്ട്. |

Hayasalini k.s

**സെക്ഷൻ ഓഫീസർ**